# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# റാന്നി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 6 - 167/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 09/03/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
റാന്നി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : റാന്നി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി 6 - 167/2022 തീയ്യതി: 09/03/2022

## പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പി.കെ.വിജയലക്ഷ്മി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 13-01-2022 | 31-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-01-2022 | 31-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ (24.01.2022 വരെ)
ശ്രീ ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി വി നായർ, ഓഡിറ്റർ
ശ്രീമതി ദീപ കെ എസ്, ഓഡിറ്റർ (17.01.2022 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശശികല രാജശേഖരൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ജി സുധാകുമാരി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുനീത ആർ പണിക്കർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി ആനി ഷിജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 24-07-2019 |
| ശ്രീ അശ്വിൻ ചന്ദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 25-07-2019 | 31-03-2020 |
| ശ്രീ ലാൽ കുമാർ കെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ അനീഷ് കെ ആർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ ആശിഷ് പണിക്കർ | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ. മിനുചിത്ര വി എൽ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 13-01-2020 |
| ഡോ. ദിയ എസ് കുമാർ (ചാർജ്) | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 14-01-2020 | 31-03-2020 |
| ഡോ. ഷാലിമ എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീ സജിമോൻ കെ വി | ഹെഡ്മാസ്റ്റർ | 01-04-2019 | 31-05-2019 |
| ശ്രീമതി ഷീജ എ ആർ (ചാർജ്) | ഹെഡ്മിസ്ട്രസ് | 01-06-2019 | 08-07-2019 |
| ശ്രീമതി സ്വപ്ന കൃഷ്ണൻ | ഹെഡ്മിസ്ട്രസ് | 09-07-2019 | 31-03-2020 |
| ശ്രീ ഫിജു സി ജെ | വി.ഇ.ഒ | 01-04-2019 | 09-07-2019 |
| ശ്രീമതി പ്രമീള പി | വി.ഇ.ഒ | 10-07-2019 | 16-07-2019 |
| ശ്രീ അരുൺ എൻ എസ് | വി.ഇ.ഒ | 17-07-2019 | 05-12-2019 |

| | | | |
|---|---|---|---|
| ശ്രീ ശ്യാം കൃഷ്ണപ്രസാദ് | വി.ഇ.ഒ | 06-12-2019 | 31-03-2020 |
| ശ്രീ മനോജ് ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി സുധർമണി എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 02-08-2019 |
| ശ്രീമതി റോസമ്മ സി സി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 03-08-2019 | 11-11-2019 |
| ശ്രീമതി രാഖി എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 12-11-2019 | 31-03-2020 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M Harikumar (Asst. Audit Officer, On 29-01-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 02-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: M Harikumar (Asst. Audit Officer, On 29-01-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 02-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: M Harikumar (Asst. Audit Officer, On 03-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 02-03-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: M Harikumar (Asst. Audit Officer, On 29-01-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 02-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Muhsin Faisal (Audit Officer, On 30-01-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 02-03-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: M Harikumar (Asst. Audit Officer, On 29-01-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 02-03-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: M Harikumar (Asst. Audit Officer, On 29-01-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 02-03-2022) | 1-7 |
| 8 | കാഷ് ബാലൻസ് പരിശോധന<br>Written By: M Harikumar (Asst. Audit Officer, On 28-01-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 02-03-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: M Harikumar (Asst. Audit Officer, On 03-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 28-01-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 02-03-2022) | 1-10 |
| 11 | പ്രവൃത്തി പൂർത്തിയായിട്ടും നിക്ഷേപിച്ച തുകയുടെ ബാക്കി ലഭിച്ചില്ല<br>Written By: M Harikumar (Asst. Audit Officer, On 29-01-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 02-03-2022) | 1-11 |
| 12 | വാല്യുവേഷൻ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Aswathy.V.Nair (Auditor, On 31-01-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 02-03-2022) | 1-12 |
| 13 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി - ചെലവ് അടങ്കലിൽ കൂടുതൽ<br>Written By: Muhsin Faisal (Audit Officer, On 30-01-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 02-03-2022) | 1-13 |
| 14 | വീട് വാസയോഗ്യമാക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല<br>Written By: Aswathy.V.Nair (Auditor, On 31-01-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-03-2022) | 1-14 |
| 15 | സ്ഥാപന/തൊഴിൽനികുതി ഈടാക്കിയില്ല<br>Written By: K S Deepa (Auditor, On 03-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 1-15 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |

| ഭാഗം **4** | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Aswathy.V.Nair (Auditor, On 28-01-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ<br>Written By: M Harikumar (Asst. Audit Officer, On 03-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Aswathy.V.Nair (Auditor, On 28-01-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-03-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: M Harikumar (Asst. Audit Officer, On 28-01-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Aswathy.V.Nair (Auditor, On 28-01-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: M Harikumar (Asst. Audit Officer, On 03-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Aswathy.V.Nair (Auditor, On 31-01-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-03-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം<br>Written By: M Harikumar (Asst. Audit Officer, On 03-02-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 03-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M Harikumar (Asst. Audit Officer, On 03-02-2022)<br>Last Updated By: P.K Vijayalakshmi (Deputy Director, On 09-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Aswathy.V.Nair (Auditor, On 31-01-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 08-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 28.02.2019 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 24.03.2020 തീയതിയിലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.ഷെഡ്യൂൾ ബി5: Secured Loan From KURDFC- വാർഷിക കണക്കിൽ 15,87,911 രൂപ രേഖപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥ നീക്കിയിരുപ്പ് 16,86,140 രൂപയാണ്. 98,221 രൂപയുടെ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

2.വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തു നികുതി (കറന്റ്, അരിയർ) ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,05,65,622 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,13,99,781 |
| ആകെ വരവ് | 5,19,65,403 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 3,96,39,871 |
| നീക്കിയിരിപ്പ് | 1,23,25,532 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത് ) | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 9973000 | 9973000 | 7675229 | 287667 | 2010104 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 3458000 | 3458000 | 1429642 | 610507 | 1417851 |
| വികസന ഫണ്ട്-ടി.എസ്.പി | ,, | 238000 | 238000 | 60937 | -- | 177063 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ് ) | ഇല്ല | 5943465 | 5943465 | 1878463 | 1836253 | 2228749 |
| മെയിന്റനൻസ് , റോഡ് | ,, | 6441000 | 6441000 | 3418490 | 747145 | 2275365 |
| മെയിന്റനൻസ് , നോൺ-റോഡ് | ,, | 3251000 | 3251000 | 1326669 | 758812 | 1165519 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| സാക്ഷരത | 529 | 30 | 559 | -- | -- | 559 |
| ശുചിത്വ മിഷൻ | 1828384 | 101000 | 1929384 | 458000 | -- | 1471384 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| ഐ.സി.ഡി.എസ്. | 88372 | 1706502 | 1794874 | 739555 | -- | 1055319 |
| എം.ജി.എൻ. ആർ.ജി.എസ് | 5715 | 12888654 | 12894369 | 12893854 | -- | 515 |

| മറ്റ് ഗ്രാന്റുകൾ / അവാർഡുകൾ | | | | | | |
|---|---|---|---|---|---|---|
| ശബരിമല | 150201 | 500000 | 650201 | 407308 | -- | 242893 |
| ജലനിധി | 5040 | 2253654 | 2258694 | 1832939 | -- | 425755 |
| നിർമ്മൽ പുരസ്കാരം | 14803 | 825 | 15628 | -- | -- | 15628 |
| കേരളോത്സവം | -- | 20000 | 20000 | 20000 | -- | -- |

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക, വരവിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട് - ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 176471 |
| വികസന ഫണ്ട് - എസ്.സി.പി. | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 14706 |

## 1-5 പദ്ധതി അവലോകനം

2019-20 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 61069091 | 102 | 22506201 | 0 | 30 | 58 |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതു പോലെയുള്ള പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിൽ വരുന്ന വീഴ്ചയും, വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവും പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെകൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയപ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 2 | 3077898 | 397931 |
| വെറ്ററിനറി സർജൻ | 4 | 3 | 3138504 | 2564304 |
| മെഡിക്കൽ ഓഫീസർ- പി.എച്ച്.സി | 1 | 1 | 850000 | 700000 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 1 | 1 | 100000 | 100000 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 2 | 2 | 403000 | 403000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 13 | 9 | 16836785 | 4042300 |

| | | | | |
|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8 | 3317524 | 1820064 |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 400000 | 5000 |
| സെക്രട്ടറി | 24 | 17 | 6281827 | 3776847 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | 8 | 6 | 1818920 | 1566350 |
| അസി.സെക്രട്ടറി | 2 | 2 | 387400 | 360099 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 105 | 50 | 24457733 | 6770306 |
| ആകെ | 175 | 102 | 61069091 | 22506201 |

വിഭാവനം ചെയ്ത പദ്ധതികളിൽ 58% മാത്രമേ തൻവർഷം നടപ്പാക്കാൻ സാധിച്ചിട്ടുള്ളൂ. സംയുക്ത പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പങ്കാളിത്ത സ്ഥാപനത്തിന്റെ വിഹിതം ഉറപ്പ് വരുത്തി അത് നേടിയെടുക്കുന്നതിനും, പ്രൊജക്ട് ലക്ഷ്യം നേടുന്നതിനുമുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല. ഡയറി ഫാം ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്നും 5000, ബ്ലോക്ക് ഫണ്ടിൽ നിന്നും 395000 എന്നിങ്ങനെ ആകെ 400000 വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്തെങ്കിലും, തനത് ഫണ്ടിൽ നിന്നും 5000 രൂപ മാത്രം ചെലവഴിക്കാനാണ് സാധിച്ചത്. ബ്ലോക്ക് വിഹിതം ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല. ആയതുപോലെ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പ്രൊജക്ടിലും വകകൊള്ളിച്ചിരുന്ന ബ്ലോക്ക് വിഹിതം ലഭ്യമായില്ല. സംയുക്ത പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ പങ്കാളിത്ത സ്ഥാപനത്തിന്റെ വിഹിതം സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5715 | 585384 | 591099 | 590584 | 515 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 12303270 | 12303270 | 12303270 | 0 |
| ആകെ | 5715 | 12888654 | 12894369 | 12893854 | 515 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 154800 | 26 |
| വിധവാപെൻഷൻ | 2662800 | 438 |
| വാർദ്ധക്യകാല പെൻഷൻ | 5631300 | 1015 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 913900 | 153 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 71400 | 12 |
| തൊഴിൽരഹിത വേതനം | 5400 | 4 |

## 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2022 03.30 PM-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,306 (പതിനൊന്നായിരത്തി മുന്നൂറ്റിയാറ്) രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ച് നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ സാധിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവിധയിനം ഡെപ്പോസിറ്റുകൾ കൃത്യമായി എഴുതി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നാളിതുവരെ ആർജ്ജിച്ചിട്ടുള്ള എല്ലാ ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുന്ന വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ചമയ്ക്കുന്ന കരാർ ഉടമ്പടിയിൽ കരാർ കാലാവധി സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തുന്നില്ല. കരാർ കാലാവധി ലംഘിക്കുന്ന കരാറുകാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കണമെങ്കിൽ പ്രസ്തുത വ്യവസ്ഥ ഉൾപ്പെടുത്തിയേ മതിയാവൂ. മരാമത്ത് പ്രവൃത്തികൾ അകാരണമായി വൈകുന്ന പ്രവണത നിലനിൽക്കുന്നു. വർഷങ്ങളോളം പ്രവൃത്തികൾ സ്പിൽ ഓവറായി തുടരുന്ന അവസ്ഥയാണുള്ളത്.

2019-20 സാമ്പത്തിക വർഷം നിർവ്വഹണ ഉദ്യോഗസ്ഥർക്കും പഞ്ചായത്തിലെ ജീവനക്കാർക്കുമായി വിതരണം ചെയ്ത രസീതു ബുക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ഉദാഹരണസഹിതം ചുവടെ ചേർക്കുന്നു.

1) രസീത് ബുക്കിലെ പേജുകളുടെ എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല.

ഉദാ:- 47655, 25973

2) രസീത് ബുക്കുകൾ ക്രമപ്രകാരം റദ്ദ് ചെയ്യുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.
ഉദാ:- 47654, 9406

മുകളിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21-04-2014 മുതൽ 05-05-2014 വരെ | 2009-10 മുതൽ 2013-14 വരെ | 16-07-2014 |
| പെർഫോമൻസ് ഓഡിറ്റ് | 06-08-2021 മുതൽ 11-08-2021 വരെ | 01/2020 മുതൽ 03/2021 വരെ | 11-08-2021 |

## 1-11 പ്രവൃത്തി പൂർത്തിയായിട്ടും നിക്ഷേപിച്ച തുകയുടെ ബാക്കി ലഭിച്ചില്ല

ഗ്രാമപഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണ പ്രവൃത്തിക്കായി 2016-17 സാമ്പത്തികവർഷം 585000 രൂപ പത്തനംതിട്ട പൊതുമരാമത്ത് വിഭാഗത്തിന് കൈമാറുകയുണ്ടായി (പ്രോജക്ട് നം. എസ്. 002/17). പ്രവൃത്തി പൂർത്തീകരിച്ച് 24.07.2019 ൽ പൂർത്തീകരണ സാക്ഷ്യപത്രം പഞ്ചായത്തിൽ ലഭിക്കുകയുണ്ടായി. വിനിയോഗരേഖ പ്രകാരം 442214 രൂപയാണ് ചെലവായിട്ടുള്ളത്. ചെലവ് കഴിഞ്ഞ് മിച്ചമുള്ള 142786 രൂപ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് പഞ്ചായത്തിന് കൈമാറിയിട്ടില്ല. ആയത് അടിയന്തിരമായി തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 വാല്യൂവേഷൻ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട് നം. | S0027/20 ഭവനപുനരുദ്ധാരണം (പട്ടികജാതി) |

| | |
|---|---|
| അടങ്കൽ | 500000 (വികസന ഫണ്ട് - എസ്.സി.പി) |
| ചെലവ്, ബിൽവിവരം | 400000<br>ബിൽ നം.3/17.08.2019 തുക 100000<br>ബിൽ നം.8/27.09.2019 തുക 150000<br>ബിൽ നം.12/12.11.2019 തുക 100000<br>ബിൽ നം.15/20.01.2020 തുക 50000 |

ടി പദ്ധതിപ്രകാരം ഭവനപുനരുദ്ധാരണത്തിനായി ആനുകൂല്യം (100000/-) കൈപ്പറ്റിയ രാജമ്മ എം കെ, മരുതോലിക്കുഴിയിൽ, മന്ദിരം പി ഒ, റാന്നി (വാർഡ് 5) എന്ന ഗുണഭോക്താവിന്റെ ഭവനപുനരുദ്ധാരണം സംബന്ധിച്ച വാല്യുവേഷൻ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയത് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/22.01.2022), ടി ഗുണഭോക്താവിന്റെ ഫയലിൽ ഉൾക്കൊള്ളിച്ചിരുന്ന വാലുവേഷൻ രേഖകൾ നഷ്ടപ്പെട്ടതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ടി രേഖകളുടെ പകർപ്പ് ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാല്യുവേഷൻ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് പരാമർശം തീർപ്പാക്കുന്നതാണ്.

## 1-13 തെരുവ് വിളക്ക് അറ്റകുറ്റപ്പണി - ചെലവ് അടങ്കലിൽ കൂടുതൽ

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്ക് വേണ്ടി തനത്ഫണ്ട് 200000 വകകൊള്ളിച്ച് പ്രൊജക്റ്റ് തയ്യാറാക്കുകയും (നം.5/20), ടെണ്ടർ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ ജെയിംസ്.പി.ജോൺ എന്നയാൾക്ക് തെരുവ് വിളക്ക് അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള ചുമതല നൽകുകയും ചുവടെ ചേർത്തിരിക്കുംപ്രകാരം പ്രതിഫലം നൽകുകയും ചെയ്തു.

| ചെക്ക്നം&തീയതി | തുക |
|---|---|
| 20483/13-11-2019 | 19980 |
| 20782/4-12-2019 | 36542 |
| 20790/10-12-2019 | 46530 |
| 20798/19-12-2019 | 44100 |
| 20955/13-1-2020 | 28620 |
| 21908/31-1-2020 | 40438 |
| 21840/10-3-2020 | 11700 |
| ആകെ | 227910 |

പ്രൊജക്റ്റിൽ വകകൊള്ളിച്ചതിനെക്കാൾ 27910 രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. സുലേഖാ പത്രിക പ്രകാരം 185640 രൂപയാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറിക്ക് (5/21.01.2022) ലഭ്യമാക്കിയ മറുപടി പ്രകാരം തുക കൂടുതൽ ചെലവഴിച്ചെന്നും. പദ്ധതിക്കു വേണ്ടി ചെലവഴിച്ച 44100 രൂപ ഉൾപ്പെടുത്താൻ വിട്ടുപോയെന്നും വിശദീകരിച്ചിരിക്കുന്നു. സെക്ഷനിലെ തിരക്കുകൾ കാരണം പ്രൊജക്റ്റ് റിവൈസ് ചെയ്യുന്നതിന് സാധിച്ചില്ലെന്നും വിശദീകരിച്ചിരിക്കുന്നു. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 വീട് വാസയോഗ്യമാക്കൽ - പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നമ്പർ | എസ് 0119/20 വീട് വാസയോഗ്യമാക്കൽ (എസ്.ഒ.) |
| അടങ്കൽ | 75000 (വികസനഫണ്ട് - പൊതുവിഭാഗം) |
| ചെലവ്, ബിൽ വിവരം | 25000 (ബിൽ നം. 1/25.07.2019) |

2018-19 വർഷത്തിൽ വീട് വാസയോഗ്യമാക്കൽ പദ്ധതി പ്രകാരം 2018-19 സാമ്പത്തിക വർഷം ആദ്യഗഡു ധനസഹായം (25000 രൂപ) കൈപ്പറ്റിയ മൂന്ന് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി തയ്യാറാക്കിയ സ്പിൽ ഓവർ പദ്ധതി പ്രകാരം 2019-20 ൽ ഒരു ഗുണഭോക്താവ് പദ്ധതി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടുണ്ട്.

ഇതിൽ പദ്ധതി പൂർത്തീകരിക്കാതിരുന്ന സുജ രാധാകൃഷ്ണൻ, മട്ടയ്ക്കൽ വീട്, ഉതിമൂട് പി.ഒ., ലൈസാമ്മ തോമസ്, കണ്ടത്തുങ്കൽ തടത്തിൽ, കുമ്പളാംപൊയ്ക, റാന്നി എന്നീ ഗുണഭോക്താക്കൾ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

എന്ന് നേരിട്ടുള്ള അന്വേഷണത്തിൽ ബോധ്യപ്പെട്ടതിനാൽ അഡ്വാൻസ് നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കാൻ നടപടി കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥൻ 19.03.2020 ൽ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ തുക തിരികെ ഈടാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (6/22.01.2022) ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരെയും ടി കത്തിന്മേൽ മേൽനടപടികൾ സ്വീകരിച്ചിട്ടില്ല എന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. 2018-19 ൽ ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ നിലവിലും പദ്ധതി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ധനസഹായമായി നൽകിയ ആദ്യഗഡു തുക തിരികെ ഈടാക്കുകയോ അല്ലാത്തപക്ഷം നിർമ്മാണ പ്രവൃത്തികൾ പൂർത്തികരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

### 1-15 സ്ഥാപന/തൊഴിൽനികുതി ഈടാക്കിയില്ല

തൊഴിൽനികുതി സംബന്ധിച്ച രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

I) ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല.

എ) ക്ഷീരസംഘങ്ങൾ

I) പുതുശ്ശേരിമല ക്ഷീരസഹകരണ സംഘം.

Ii) ഉതിമൂട് ക്ഷീരസഹകരണ സംഘം.

ബി) പാരാമെഡിക്കൽ സ്ഥാപനങ്ങൾ

I) കോസ്മെറ്റിക്ക് സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്, തോട്ടമൺ.

Ii) കുരുടാമണ്ണിൽ ഡെന്റൽ ക്ലിനിക്ക്, തേക്കാട്ടിൽ.

Iii) മഡോണ ഫാർമസി, റാന്നി.

Iv) വി കെയർ ഫിസിയോതെറാപ്പി & റീഹാബിലിറ്റേഷൻ ക്ലിനിക്ക്, റാന്നി.

V) വിഷൻ ഡയഗ്നോസ്റ്റിക് സെന്റർ, റാന്നി.

II) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷ നികുതി ഈടാക്കിയിട്ടില്ല.

എ) ആൽഫാ ഹൈപ്പർ മാർക്കറ്റ്, റാന്നി.

ബി) ഇന്ത്യാ പോസ്റ്റ് പേമെന്റ് ബാങ്ക്, റാന്നി.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| റാന്നി ബ്ലോക്ക് | 360000 | ലൈഫ് ഭവനപദ്ധതി (എസ്. 0055/20) | 360000 |

| | | | |
|---|---|---|---|
| പഞ്ചായത്ത് | | | |
| ജില്ലാ പഞ്ചായത്ത് | 300000 | പാലിയേറ്റീവ് കെയർ (എസ്. 0011/20) | 300000 |
| ജില്ലാ പഞ്ചായത്ത് | 300000 | ലക്ഷം വീട് പുനരുദ്ധാരണം - ഒറ്റ വീട് ഇരട്ടവീടാക്കൽ (SO) (എസ്. 0122/20) | 300000 |
| ജില്ലാ പഞ്ചായത്ത് | 192353 | ലൈഫ് രണ്ടാം ഘട്ടം (പട്ടികജാതി) (എസ്. 0178/20) | 192353 |
| ജില്ലാ പഞ്ചായത്ത് | 100000 | അനുപൂരക പോഷകാഹാര പരിപാടി (എസ്. 0019/20) | 100000 |
| ജില്ലാ പഞ്ചായത്ത് | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (എസ്. 0020/20) | 150000 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക (യു.സി. ലഭിച്ചത് പ്രകാരം) ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ | ബിൽ നം./തീയതി |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | വെള്ളാവൂർ പടി- കോവൂർ പടി റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ (S0089/20) | 1,00,000<br>2,00,000<br>10,000 | --<br>--<br>-- | 1,00,000<br>2,00,000<br>10,000 | 11400621341/ 26-09-2019<br>114008122119/ 13-11-2019<br>ചെക്ക് നം. 21846/ 13-03-2020 |
| ,, | കൃഷി ഭവൻ- കുടിവെള്ള കണക്ഷൻ | 12,500 | -- | 12,500 | ചെക്ക് നം. 20976/ 22-01-2020 |
| ആകെ | | 3,22,500 | -- | 3,22,500 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ 98,229 രൂപ ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 17,79,088 | 98,229 | 18,77,317 | 191177 | -- | 16,86,140 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 32,268 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|
| 3-18 | 1,703 | സെക്രട്ടറി, റാന്നി ഗ്രാമ പഞ്ചായത്ത് (കംഫർട്ട് സ്റ്റേഷൻ വാട്ടർ ചാർജ്ജ്) | 119010101463 04/07/2019 |
| | 8526 | ശ്രീ.എം.റ്റി.വർഗ്ഗീസ് (വിശദാംശങ്ങൾ ലഭ്യമല്ല) | 119010101463 06/06/2019 |
| | 22039 | അസി.എഞ്ചിനീയർ (വിശദാംശങ്ങൾ ലഭ്യമല്ല) | 119010101423 01/07/2019 |
| ആകെ | 32,268 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ക്രമ നം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1998-99 | - | 2001-02 | IV.3.5 | ഗവൺമെന്റ് അംഗീകാരം വാങ്ങാതെ പണി ചെയ്തു | നിലനിൽക്കുന്നു |
| 2 | 1992-93 | - | 2003-04 | - | എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് വീട് നിർമ്മാണം | നിലനിൽക്കുന്നു |
| 3 | 2001-02 | 2-8. | 2006-07 | 3.18.1.5 | ജനകീയാസൂത്രണം- വ്യക്തിഗത ആനുകൂല്യം- വൗച്ചറുകൾ/ഫയലുകൾ /രേഖകൾ എന്നിവ ഹാജരാക്കിയില്ല | നിലനിൽക്കുന്നു |
| 4 | 2002-03 | 2-12. | 2006-07 | 3.18.2 | തെരുവ് വിളക്ക് സ്ഥാപിക്കൽ - വൈദ്യുത ബോർഡിൽ അടവാക്കിയത് 138100രൂപ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല | നിലനിൽക്കുന്നു |
| 5 | 2014-15 | 2-3. | 2016-17 | അദ്ധ്യായം-2 | തൊഴിൽ നികുതി അപാകതകൾ | നിലനിൽക്കുന്നു |
| 6 | 2015-16 | 2-7. | 2016-17 | അദ്ധ്യായം-2 | തൊഴിൽ നികുതി അപാകതകൾ | നിലനിൽക്കുന്നു |
| 7 | 2016-17 | 3-1. | 2017-18 | - | റാന്നി ഗ്രാമപഞ്ചായത്ത് 3.64 കോടിയുടെ | നിലനിൽക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| | | | | | കടക്കെണിയിൽ | |

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 51965403 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39639871 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര – സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി4/558/2003 തീയതി 15-09-2003 | 2 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി4/559/2003 തീയതി 23-03-2004 | 6 |
| 1997-98 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 4/182/2005 തീയതി 17-06-2005 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/ 549/2007 തീയതി 13-11-2007 | എല്ലാ ഖണ്ഡികകളും |
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി3/ 28/00 തീയതി 24-04-2001 | 19 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി4/299/2002 തീയതി 13-12-2002 | 37 |

| | | |
|---|---|---|
| 2000-01 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി4/334/2005 തീയതി 04-05-2006 | 9 |
| 2000-01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/420/2003 തീയതി05-12-2003/17-04-2004 | എല്ലാ ഖണ്ഡികകളും |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/421/2003 തീയതി 08-01-2004/19-07-2004 | എല്ലാ ഖണ്ഡികകളും |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/251/2006 തീയതി 12-09-2006 | എല്ലാ ഖണ്ഡികകളും |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി5/590/2009 തീയതി 19-01-2010/12-08-2010 | എല്ലാ ഖണ്ഡികകളും |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി5/591/2009 തീയതി 19-01-2010 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി4/181/2007 തീയതി 07-03-2007 | 7 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി8/285/2008 തീയതി 05-02-2009/14-01-2010 | 10 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി8/42/2010 തീയതി 06-05-2011/10-06-2011 | 5 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.8/43/2010 തീയതി 06-05-2011/07-06-2011 | 7 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.8/158/2011 തീയതി 29-03-2011/11-04-2011 | 4 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി8/159/11 തീയതി 29-03-2011/11-04-2011 | 25 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.8/188/11 തീയതി 11-05-2011/09-06-2011 | 27 |
| 2009-10 | എൽ.എഫ്.പി.റ്റി.എ-പി 8/300/2011 തീയതി 11-05-2011/07-06-2011 | 21 |
| 2010-11 | എൽ.എഫ്.പി.റ്റി.എ-പി 6/613/2013 തീയതി 11-11-2013/19-03-2014 | 17 |
| 2011-12 | എൽ.എഫ്.പി.റ്റി.എ-പി 6/614/2013 തീയതി 11-11-2013/19-03-2014 | 14 |
| 2012-13 | എൽ.എഫ്.പി.റ്റി.എ-പി 6/159/2015 തീയതി 13-05-2015/23-05-2015 | 30 |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി 6/480/2015 തീയതി 25-07-2015 | 5 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ -പി 6/837/2016 തീയതി 25-07-2016 | 8 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ -പി 6/1292/2016 തീയതി 03-12-2016 | 22 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ -പി 6/667/2017 തീയതി 17.06.2017 | 19 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി 6/89/2019 തീയതി: 22.02.2019 | 18 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി 6/720/2019 തീയതി: 25.07.2019 | 9 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ:ഗ്രേ )
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ റാന്നി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്